<u>നം. ഇ.എക്സ്/എ(4)/43000/2025/സി.ജി.ഇ</u>

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി: 07/01/2026

## <u>സർക്കുലർ</u>

വിഷയം: പൊതുവിദ്യാഭ്യാസം– പരീക്ഷാഭവൻ– **പത്താം ക്ലാസ്സിലെ ഈ വർഷത്തെ (2026) മോഡൽ ഐ.ടി പരീക്ഷാ നടത്തിപ്പ് – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

പരാമർശം: 1) 29/10/2025 ലെ സിജിഎൽ(1)/40000/2025/സിജിഇ നമ്പർ വിജ്ഞാപനം.
2) 28.09.2012–ലെ ജി.ഒ.(ആർ.ടി) 4610/2012 നം. സർക്കാർ ഉത്തരവ്.

പത്താം ക്ലാസ്സിലെ (2025–2026) ഈ വർഷത്തെ മോഡൽ ഐ.ടി. പരീക്ഷ മുൻവർഷങ്ങളിലേത് പോലെ പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നടത്തുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

എസ്.എസ്.എൽ.സി മോഡൽ ഐ.ടി. പരീക്ഷ **2026 ജനുവരി 14 –ന് ആരംഭിച്ച് ജനുവരി 24 – നകം** പൂർത്തിയാക്കേണ്ടതാണ്. പരീക്ഷയ്ക്ക് ഉൾപ്പെടുത്തിയിട്ടുളള പാഠഭാഗങ്ങൾ, സ്കോറുകൾ എന്നിവ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ **അനുബന്ധം (1)** –ൽ ചേർത്തിരിക്കുന്നു.

സംയോജിത വിദ്യാഭ്യാസ പദ്ധതി **(IED Scheme)** പ്രകാരം സാധാരണ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ, ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ, കേരള കലാമണ്ഡലം ആർട്ട് ജി.എച്ച്.എസ്–ലെ വിദ്യാർത്ഥികൾ എന്നിവർക്കും മോഡൽ പരീക്ഷ ഇതേ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് നടത്തേണ്ടത്. സ്പെഷ്യൽ സ്കൂളുകളിലെ (**Schools for Hearing Impaired**) വിദ്യാർത്ഥികൾക്ക് പരീക്ഷ നടത്തുന്നതിന് പ്രത്യേകമായി തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഉപയോഗിക്കേണ്ടതാണ്.

സംസ്ഥാനതലം, വിദ്യാഭ്യാസ ജില്ലാതലം, സ്കൂൾതലം എന്നിവിടങ്ങളിൽ പരീക്ഷയുടെ തയ്യാറെടുപ്പ്, നടത്തിപ്പ്, മൂല്യനിർണ്ണയം, റിപ്പോർട്ടുകൾ സമർപ്പിക്കൽ തുടങ്ങിയ ചുമതലകൾ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**I.** <u>സംസ്ഥാന തലത്തിൽ കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതലയിൽ നടത്തേണ്ട പ്രവർത്തനങ്ങൾ</u>–

1. പരീക്ഷസോഫ്റ്റ്‌വെയർ, പാസ്‌വേഡ് എന്നിവ ഡൗൺലോഡ് ചെയ്യുന്നതിനുള്ള ലിങ്ക് **2026 ജനുവരി 14–ന് മുൻപായി** സ്കൂളുകളിൽ ലഭ്യമാക്കേണ്ടതാണ്.
2. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടാകുന്ന സാങ്കേതിക പ്രശ്ന പരിഹാരങ്ങൾക്കും സംശയ നിവാരണത്തിനുമായി ജില്ലയിലെ മാസ്റ്റർ ട്രെയിനർമാരുടെ സേവനം സജ്ജമാക്കേണ്ടതും, ജില്ലാതലത്തിൽ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് കൈറ്റിന്റെ സംസ്ഥാന ഓഫീസിൽ സൗകര്യം ഒരുക്കേണ്ടതുമാണ്.
3. പരീക്ഷയുടെ റിസൾട്ട് ഫയലുകൾ സമ്പൂർണ്ണയിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള ക്രമീകരണം ഒരുക്കേണ്ടതാണ്.

**II.** <u>ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവാദിത്തത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ</u>–

1. ഈ വർഷത്തെ ഐ.ടി പരീക്ഷ നടത്തുന്നതിനാവശ്യമായ പരീക്ഷാ സാമഗ്രികൾ ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതാണ്. പരീക്ഷാ സോഫ്റ്റ്‌വെയർ, പാസ് വേഡ്, പരീക്ഷാ സർക്കുലർ തുടങ്ങിയവ യഥാസമയം ജില്ലയിലുള്ള എല്ലാ പരീക്ഷാകേന്ദ്രങ്ങളും ഡൗൺലോഡ് ചെയ്തുവെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.
2. പരീക്ഷ നടക്കുന്ന അവസരത്തിൽ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ യഥാസമയം പരിഹരിക്കുകയും ആവശ്യമായ സാങ്കേതിക സഹായം എത്തിക്കുകയും ചെയ്യുന്നതിന് വിദ്യാഭ്യാസ ജില്ലയിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു ഹെൽപ്പ് ഡെസ്ക് സജ്ജീകരിക്കേണ്ടതാണ്. (അതിലേക്ക് **SITC/സാങ്കേതിക** പരിജ്ഞാനമുള്ള അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്).
3. വിദ്യാഭ്യാസ ജില്ലയുടെ പരിധിയിൽ വരുന്ന എല്ലാ സ്കൂളുകളിലും സമയബന്ധിതമായി ഐ.ടി പരീക്ഷ പൂർത്തിയാക്കി എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും കൊണ്ടുവരുന്ന സ്കോർഷീറ്റിന്റെ പ്രിന്റ് ഔട്ട്, ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ സ്വീകരിച്ച് രസീത് നൽകേണ്ടതാണ്. എല്ലാ പരീക്ഷാ

കേന്ദ്രങ്ങളിൽ നിന്നും റിസൾട്ട് ഫയലുകൾ സമ്പൂർണ്ണയിൽ അപ്‌ലോഡ് ചെയ്തുവെന്ന് ഉറപ്പാക്കേണ്ടതാണ്.

5. ഐ.ടി പരീക്ഷ നടക്കുന്ന ദിവസങ്ങളിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരീക്ഷാ കേന്ദ്രങ്ങൾ സന്ദർശിച്ച് ആവശ്യമായ മേൽനോട്ടം നടത്തേണ്ടതും, ആയതിന്റെ സന്ദർശന റിപ്പോർട്ട് തയ്യാറാക്കി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. സന്ദർശന റിപ്പോർട്ടിന്റെ പകർപ്പ് കൈറ്റ് ജില്ലാ കോർഡിനേറ്റർ മുഖാന്തിരം കൈറ്റ് സ്റ്റേറ്റ് ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

**III.** <u>ഐ.ടി. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കൂൾ തലത്തിൽ താഴെപ്പറയുന്ന ക്രമീകരണങ്ങൾ സ്കൂൾ ഹെഡ് മാസ്റ്ററുടെ ഉത്തരവാദിത്തത്തിൽ ചെയ്യേണ്ടതാണ്</u>.

1. പരീക്ഷ തുടങ്ങുന്നതിന് 2 ദിവസം മുൻപ് സ്കൂളിൽ ആവശ്യമായ കമ്പ്യൂട്ടറുകൾ ഉണ്ടെന്നും, അവയെല്ലാം പ്രവർത്തന സജ്ജമാണെന്നും, എല്ലാ കമ്പ്യൂട്ടറുകളിലും **KITE Gnu-Linux 22.04** ഓപ്പറേറ്റിംഗ് സിസ്റ്റം ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തിയിരിക്കണം. ഇതിനായി സ്കൂൾ ഐ.ടി കോ–ഓർഡിനേറ്റർ **(SITC),** ജോയിന്റ്സ്കൂൾ ഐ.ടി കോ–ഓർഡിനേറ്റർ **(Joint SITC)** – മാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.
2. റോബോട്ടിക്സ് പാഠഭാഗങ്ങളിൽ നിന്നുള്ള പ്രാക്ടിക്കൽ ചോദ്യങ്ങൾ റോബോട്ടിക് കിറ്റ് ഉപയോഗപ്പെടുത്തിയാണ് ചെയ്യേണ്ടത്. അതിനാൽ പരീക്ഷ നടക്കുന്ന എല്ലാ സിസ്റ്റങ്ങളിലും റോബോട്ടിക് കിറ്റുകൾ സജ്ജീകരിക്കേണ്ടതാണ്.
3. സ്കൂളിലെ **SITC/Joint SITC,** പത്താം ക്ലാസ്സിൽ ഐ.ടി പഠിപ്പിക്കുന്ന അദ്ധ്യാപകർ എന്നിവരെ ഐ.ടി പരീക്ഷ നടത്തുന്നതിനുള്ള ഇൻവിജിലേറ്റർമാരായി നിയോഗിക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ ഐ.ടി പഠിപ്പിക്കുന്ന മറ്റ് അദ്ധ്യാപകരെയും ഇൻവിജിലേറ്റർമാരായി നിയോഗിക്കാം. (ഇൻവിജിലേറ്റർമാരായി നിയോഗിക്കപ്പെടുന്നവരും, സ്കൂൾ പ്രഥമാദ്ധ്യാപകൻ/അദ്ധ്യാപിക അല്ലാതെ മറ്റാരെയും പരീക്ഷാവേളയിൽ കമ്പ്യൂട്ടർ ലാബിൽ പ്രവേശിക്കാൻ അനുവദിക്കരുത്).
4. മോഡൽ പരീക്ഷയ്ക്കായി കുട്ടികൾക്ക് 99–ൽ തുടങ്ങുന്ന ഒരു താത്കാലിക രജിസ്റ്റർ നമ്പർ അനുവദിക്കേണ്ടതാണ്. ഇതിനായി താഴെപ്പറയുന്ന ക്രമം സ്വീകരിക്കാവുന്നതാണ്.

99 + ഡിവിഷൻ കോഡ് + കുട്ടിയുടെ ക്ലാസ് നമ്പർ

ഡിവിഷൻ കോഡ് = **A** യ്ക്ക് 01, **B** യ്ക്ക് 02 എന്ന ക്രമത്തിൽ

ഉദാ: പത്താം ക്ലാസ് സി. ഡിവിഷനിൽ പഠിക്കുന്ന ക്ലാസ് നമ്പർ 5 ആയ കുട്ടിക്ക് നൽകേണ്ട രജിസ്റ്റർ നമ്പർ 990305.

ഈ രീതിയിൽ രജിസ്റ്റർ നമ്പർ തയ്യാറാക്കി പരീക്ഷയ്ക്ക് മുൻപ് കുട്ടികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

5. മൂന്ന് മുതൽ അഞ്ച് വരെ കമ്പ്യൂട്ടറുകൾക്ക് ഒരാൾ എന്ന അനുപാതത്തിലാണ് ഇൻവിജിലേറ്റർമാരെ നിയോഗിക്കേണ്ടത്.
6. ഐ.ടി പരീക്ഷയ്ക്ക് ഉൾപ്പെടുത്തിയിരിക്കുന്ന കുട്ടികളുടെ പരീക്ഷാ തീയതികൾ ക്രമീകരിച്ചുകൊണ്ടുള്ള പട്ടിക **(മാതൃക– Form P3)** തയ്യാറാക്കി **2026 ജനുവരി 14–ന് മുൻപ്** പരീക്ഷാ കേന്ദ്രത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. (ഓരോ ദിവസവും **രാവിലെ 09.30–ന് പരീക്ഷ ആരംഭിച്ച്, വൈകിട്ട് 04.30–ന് തീരുന്ന** രീതിയിലായിരിക്കണം പട്ടിക തയ്യാറാക്കേണ്ടത്. ഈ സമയക്രമത്തിൽ നിശ്ചിത ദിവസങ്ങൾ കൊണ്ട് പരീക്ഷ പൂർത്തിയാക്കാൻ കഴിയില്ലെങ്കിൽ **രാവിലെ 8 മുതൽ 12.30 വരെയും, ഉച്ചയ്ക്ക് 1 മുതൽ 05.30 വരെയും രണ്ട് ഷിഫ്റ്റുകളിലായി** പരീക്ഷ ക്രമീകരിക്കേണ്ടതാണ്).
7. പരീക്ഷ തുടങ്ങുന്നതിന് ഒരു ദിവസം മുൻപായി **SITC/Joint SITC**/ഇൻവിജിലേറ്റർ എന്നിവരുടെ സഹായത്താൽ പരീക്ഷയ്ക്ക് ഉപയോഗിക്കുന്ന എല്ലാ കമ്പ്യൂട്ടറുകളിലും പരീക്ഷാ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യേണ്ടതാണ്.
8. പരീക്ഷാ സോഫ്റ്റ്‌വെയർ, പാസ്‌വേഡ്, പരീക്ഷാ സർക്കുലർ തുടങ്ങിയവ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ **sampoorna.kite.kerala.gov.in**- ൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.
   - ❖ സമ്പൂർണ്ണയിലെ ഹെഡ്മാസ്റ്റർ ലോഗിനിൽ **SSLC IT Model Examination 2025-2026** എന്ന ഐക്കൺ/ ലിങ്കിൽ നിന്നും മോഡൽ പരീക്ഷാ സോഫ്റ്റ്‌വെയർ, പാസ്‌വേഡ്, പരീക്ഷാ സർക്കുലർ തുടങ്ങിയവ ഡൗൺലോഡ് ചെയ്യാവുന്നതാണ്.
9. ഡൗൺലോഡ് ലഭ്യമാകുന്ന ദിവസം തന്നെ പ്രഥമാദ്ധ്യാപകന്റെ സാന്നിധ്യത്തിൽ **SITC** സോഫ്റ്റ്‌വെയർ ഡൗൺലോഡ് ചെയ്യേണ്ടതാണ്. ഡൗൺലോഡ് ചെയ്ത

സോഫ്റ്റ്‌വെയർ ഒരു പെൻഡ്രൈവിൽ കോപ്പി ചെയ്ത ശേഷം കമ്പ്യൂട്ടറിൽ നിന്ന് ഡിലീറ്റ് ചെയ്യേണ്ടതും, പെൻഡ്രൈവ് പ്രഥമാദ്ധ്യാപകൻ സുരക്ഷിതമായി സൂക്ഷിക്കേണ്ടതും, പരീക്ഷയ്ക്ക് ഉപയോഗിക്കേണ്ട കമ്പ്യൂട്ടറുകളിൽ ഇൻസ്റ്റാൾ ചെയ്യേണ്ടതിനായി ലഭ്യമാക്കേണ്ടതുമാണ്.

10. പരീക്ഷാ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്ത ശേഷം സോഫ്റ്റ്‌വെയർ അടങ്ങിയ പെൻഡ്രൈവ് പ്രഥമാദ്ധ്യാപകൻ തിരികെ വാങ്ങി സുരക്ഷിതമായി സൂക്ഷിക്കേണ്ടതും, പരീക്ഷ നടത്തുന്നതിനുള്ള പാസ്‌വേഡുകൾ രഹസ്യമായി സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതുമാണ്.

11. വൈദ്യുതി തകരാറ് മൂലം പരീക്ഷ തടസ്സപ്പെടാതിരിക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ (ഇൻവർട്ടർ, ജനറേറ്റർ) സ്വീകരിക്കേണ്ടതാണ്.

12. സ്കൂളിൽ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടാകുന്ന സാങ്കേതിക സഹായങ്ങൾക്ക് ജില്ലാ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

13. ലാബിലെ പ്രവർത്തന സജ്ജമായ എല്ലാ കമ്പ്യൂട്ടറുകളിലും സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തതിനുശേഷം സോഫ്റ്റ്‌വെയർ **പെൻഡ്രൈവ്** സ്കൂൾ ഹെഡ്മാസ്റ്ററുടെ ഉത്തരവാദിത്തത്തിൽ സ്കൂളിൽ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്.

14. പരീക്ഷാ സോഫ്റ്റ്‌വെയർ ഒരു തരത്തിലും ദുരുപയോഗം ചെയ്യുന്നില്ല എന്ന് ഹെഡ്മാസ്റ്റർ ഉറപ്പുവരുത്തേണ്ടതാണ്.

15. ഓരോ ദിവസവും പരീക്ഷ തുടങ്ങുന്നതിന് അര മണിക്കൂർ മുമ്പായി പരീക്ഷക്ക് ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകൾ എല്ലാം പ്രവർത്തിപ്പിച്ച് സമയവും, തീയതിയും ശരിയാണെന്നും, പരീക്ഷാ സോഫ്റ്റ്‌വെയറും, പരീക്ഷയ്ക്ക് ഉപയോഗിക്കുന്ന മറ്റ് സോഫ്റ്റ്‌വെയറുകളും ശരിയായി പ്രവർത്തിക്കുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്.

16. പരീക്ഷ നടക്കുന്ന ഓരോ ദിവസവും ആദ്യ ബാച്ചിൽ പരീക്ഷ എഴുതുന്ന കുട്ടികൾ നറുക്കെടുപ്പിലൂടെ അവർക്ക് ചെയ്യാനുള്ള കമ്പ്യൂട്ടർ തെരഞ്ഞെടുക്കേണ്ടതാണ്. തുടർന്നുവരുന്ന ബാച്ചുകളിലെ കുട്ടികൾക്ക് ഒഴിവ് വരുന്ന കമ്പ്യൂട്ടറുകളിൽ തുടർച്ചയായി പരീക്ഷ നടത്തുകയും ചെയ്യേണ്ടതാണ്. (പരീക്ഷാ സമയം 60 മിനിട്ട് ആണെന്നിരിക്കെ ഒരു കുട്ടി നിശ്ചിത സമയത്തിന് മുൻപ് പരീക്ഷ പൂർത്തിയാക്കിയാൽ, ഉടൻ തന്നെ **മൂല്യനിർണ്ണയം പൂർത്തിയാക്കിയശേഷം,** ക്രമമനുസരിച്ചുള്ള അടുത്ത കുട്ടിയെ ആ കമ്പ്യൂട്ടറിൽ പരീക്ഷയ്ക്കിരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്).

17. പരീക്ഷയിൽ പങ്കെടുക്കുന്ന ഓരോ വിദ്യാർത്ഥിയിൽ നിന്നും പരീക്ഷ തുടങ്ങുന്നതിന് മുൻപ് അവരുപയോഗിക്കുന്ന കമ്പ്യൂട്ടർ നമ്പർ പരീക്ഷാ രജിസ്റ്ററിൽ **(മാതൃക Form P4)** രേഖപ്പെടുത്തി ഒപ്പു വച്ച് വാങ്ങേണ്ടതാണ്.

18. ഇൻവിജിലേറ്ററുടെ സാന്നിധ്യത്തിൽ മാത്രമെ കുട്ടികൾ പരീക്ഷയിൽ പങ്കെടുക്കുന്നുള്ളൂ എന്നും കുട്ടികൾ കമ്പ്യൂട്ടറിലെ ക്രമീകരണങ്ങളിൽ മാറ്റം വരുത്തുന്നില്ലെന്നും ഇൻവിജിലേറ്റർ ഉറപ്പുവരുത്തേണ്ടതാണ്.

19. പരീക്ഷയിൽ പങ്കെടുക്കേണ്ട എല്ലാ വിദ്യാർത്ഥികൾക്കും പരീക്ഷയെ സംബന്ധിച്ച് താഴെപ്പറയുന്ന പൊതുനിർദ്ദേശങ്ങൾ നൽകേണ്ടതും പരീക്ഷയുടെ ഒരു ഡെമോൺസ്ട്രേഷൻ നടത്തേണ്ടതുമാണ്.

- ❖ സി.ഡി, പെൻഡ്രൈവ്, മെമ്മറി കാർഡ്, മൊബൈൽ ഫോൺ, ടാബ്ലറ്റ്, ഡിജിറ്റൽ/ സ്മാർട്ട് വാച്ച് തുടങ്ങിയ ഇലക്ട്രോണിക്സ് ഉപകരണങ്ങളുമായി കുട്ടികൾ ലാബിൽ പ്രവേശിക്കരുത്.
- ❖ പരീക്ഷാ സോഫ്റ്റ്‌വെയറിൽ പരീക്ഷയിൽ പങ്കെടുക്കുന്ന കുട്ടിയുടെ വിവരങ്ങൾ നൽകിയ ശേഷം പരീക്ഷ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്താൽ ആദ്യം തിയറി പരീക്ഷാ ഭാഗമാണ് ദൃശ്യമാകുന്നത്. ഇവിടെ രണ്ട് വിഭാഗങ്ങളിലായി 15 ചോദ്യങ്ങൾക്കാണ് ഉത്തരം നൽകേണ്ടത്. തിയറി ഭാഗം പൂർത്തിയായാൽ പ്രാക്ടിക്കൽ ഭാഗത്തേക്ക് കടക്കാൻ കഴിയും. പ്രാക്ടിക്കൽ ഭാഗത്ത് 4 ഗ്രൂപ്പുകളിലായി രണ്ടു ചോദ്യങ്ങൾ വീതം പ്രദർശിപ്പിച്ചിട്ടുണ്ടാവും. ഓരോ ഗ്രൂപ്പിൽ നിന്നും ഓരോ ചോദ്യം വീതം തെരഞ്ഞെടുത്ത് പരീക്ഷ ചെയ്യണം.
- ❖ പ്രാക്ടിക്കൽ ഭാഗത്ത് ഓരോ ചോദ്യത്തിനുമുള്ള പ്രവർത്തനങ്ങൾ ഇൻവിജിലേറ്റർ പരിശോധിച്ച്, അതിന്റെ സ്കോർ, സ്കോർഷീറ്റിൽ **(മാതൃക Form P5)** രേഖപ്പെടുത്തിയ ശേഷം മാത്രമെ ആ ജാലകം ക്ലോസ് ചെയ്യാൻ പാടുള്ളൂ.
- ❖ തിയറി ഭാഗത്തിന്റെ മൂല്യനിർണ്ണയം സോഫ്റ്റ്‌വെയർ തന്നെ നടത്തുന്നതാണ്.
- ❖ വൈദ്യുതിയുടെയോ, കമ്പ്യൂട്ടറിന്റെയോ തകരാറുമൂലം പരീക്ഷയ്ക്കിടയിൽ വിദ്യാർത്ഥിക്ക് സമയം നഷ്ടപ്പെടുന്നുവെങ്കിൽ ആ വിവരം ഇൻവിജിലേറ്ററെ ധരിപ്പിക്കേണ്ടതാണ്.

20. കുട്ടി പ്രാക്ടിക്കൽ ഭാഗത്ത് ഓരോ ചോദ്യവും ചെയ്തു തീരുമ്പോൾ ഇൻവിജിലേറ്റർ അത് പരിശോധിച്ച്, അതിന്റെ സ്കോർ, സ്കോർഷീറ്റിൽ **(മാതൃക Form P5)**

രേഖപ്പെടുത്തേണ്ടതാണ്. പരീക്ഷ പൂർത്തിയാക്കുകയോ, കുട്ടിക്ക് അനുവദിച്ചിരിക്കുന്ന സമയം കഴിയുകയോ ചെയ്യുമ്പോൾ ഇൻവിജിലേറ്റർ, കുട്ടി ചെയ്ത പ്രവർത്തനങ്ങൾ വിലയിരുത്തി Form **P5**–ൽ രേഖപ്പെടുത്തിയ സ്കോറുകൾ കമ്പ്യൂട്ടറിൽ എന്റർ ചെയ്യേണ്ടതാണ്. തുടർന്ന് അടുത്ത വിദ്യാർത്ഥിയെ പരീക്ഷ ചെയ്യുന്നതിന് അനുവദിക്കേണ്ടതാണ്.

21. ഓരോ ദിവസവും പരീക്ഷ കഴിയുമ്പോൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

    I. അതത് ദിവസത്തേക്ക് ഷെഡ്യൂൾ ചെയ്തിരിക്കുന്ന എല്ലാ വിദ്യാർത്ഥികളും പരീക്ഷയിൽ പങ്കെടുത്തുവെന്ന് ഉറപ്പുവരുത്തണം.

    II. ആ ദിവസത്തെ മുഴുവൻ കുട്ടികളുടെയും റിസൽട്ട് സോഫ്റ്റ്‌വെയറിലെ എക്സ്പോർട്ട് സൗകര്യം ഉപയോഗിച്ച് സെർവർ കമ്പ്യൂട്ടറിലെ ഒരു ഫോൾഡറിലേക്ക് കോപ്പി ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

22. പരീക്ഷാ കേന്ദ്രത്തിലെ എല്ലാ വിദ്യാർത്ഥികളും പരീക്ഷയിൽ പങ്കെടുത്തുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

23. പരീക്ഷാകേന്ദ്രത്തിലെ എല്ലാ കുട്ടികളുടെയും പരീക്ഷ പൂർത്തീകരിച്ചശേഷം പരീക്ഷയ്ക്ക് ഉപയോഗിച്ച എല്ലാ കമ്പ്യൂട്ടറുകളിൽ നിന്നുമുള്ള വിവരങ്ങൾ എക്സ്പോർട്ട് ചെയ്ത് സെർവർ കമ്പ്യൂട്ടറിലേക്ക് ഇംപോർട്ട് ചെയ്യുക. തുടർന്ന് സ്കോർഷീറ്റ് ജനറേറ്റ് ചെയ്ത് അതിൽ എല്ലാ കുട്ടികളുടെയും വിവരങ്ങൾ (ഇൻവിജിലേറ്റർ നൽകിയ മാർക്ക് ഉൾപ്പെടെ) ഉണ്ടെന്ന് ഉറപ്പുവരുത്തുക.

24. **പരീക്ഷ പൂർത്തിയായാൽ താഴെ നൽകിയ പ്രവർത്തനങ്ങൾ ചെയ്യുക.**

    I. **സ്കോർ ഷീറ്റിന്റെ പ്രിന്റൗട്ട് തയ്യാറാക്കൽ:** സ്കോർ ഷീറ്റിന്റെ പ്രിന്റൗട്ട് എടുത്ത് അതിൽ ചുമതലയുള്ള SITC യും, പ്രഥമാദ്ധ്യാപിക/പ്രഥമാദ്ധ്യാപകൻ – ഉം ഒപ്പ് വച്ച് പ്രത്യേകം കവറിലാക്കി മുദ്ര വയ്ക്കുക.

    II. **റിസൽട്ട് ഫോൾഡർ തയ്യാറാക്കൽ:** **School Registration Details** ഫയൽ, സർവർ കമ്പ്യൂട്ടറിൽ നിന്നും **Export** ചെയ്തെടുക്കുന്ന (മുഴുവൻ കുട്ടികളുടെ റിസൾട്ട് അടങ്ങിയ) ഫയൽ, **Final Export** നൽകുമ്പോൾ **Home** ലെ **Sampoorna** എന്ന ഫോൾഡറിൽ ലഭിക്കുന്ന **Schoolcode_2026_Model.csv ഫയൽ**, സ്കോർഷീറ്റിന്റെ **PDF** ഫയൽ എന്നിവ ഉൾപ്പെടുത്തിയാണ് റിസൾട്ട്

ഫോൾഡർ തയ്യാറാക്കേണ്ടത്. ഇത് പെൻഡ്രൈവിൽ പകർത്തി സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

III. **റിസൾട്ട് അപ്‌ലോഡ് ചെയ്യൽ:** **Final Export** നൽകുമ്പോൾ **Home** ലെ **Sampoorna** എന്ന ഫോൾഡറിൽ ലഭിക്കുന്ന **Schoolcode_2026_Model.csv** എന്ന ഫയൽ സമ്പൂർണ്ണയിൽ നൽകിയിരിക്കുന്ന **SSLC IT Model Exam Result Upload** എന്ന ലിങ്കിൽ അപ്‌ലോഡ് ചെയ്യുകയും, സ്കോർഷീറ്റിന്റെ പ്രിന്റ്ഔട്ട് അടങ്ങിയ മുദ്രവച്ച കവർ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ **2026 ജനുവരി 28 ന് മുമ്പ്** സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

**25.** പരീക്ഷ നടക്കുന്ന സമയത്ത് വൈദ്യുതി തകരാർ മൂലമോ, കമ്പ്യൂട്ടറുകളുടെ തകരാറുകൾ മൂലമോ, മറ്റു തരത്തിലോ പരീക്ഷയ്ക്ക് തടസ്സം നേരിട്ടാൽ കുട്ടികൾക്ക് ആ ദിവസം തന്നെ വീണ്ടും പരീക്ഷ ചെയ്യുന്നതിനുള്ള അവസരം നൽകേണ്ടതാണ്. കമ്പ്യൂട്ടർ തകരാർ മൂലമല്ല പരീക്ഷ തടസ്സപ്പെട്ടതെങ്കിൽ അതേ കമ്പ്യൂട്ടറിൽ തന്നെയാണ് വീണ്ടും അവസരം നൽകേണ്ടത്. ഈ വിവരങ്ങൾ അപ്പോൾ തന്നെ സ്കോർഷീറ്റിലെ റിമാർക്ക് കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

സെക്രട്ടറി

<u>പകർപ്പ്–</u>

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്.
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
4. എല്ലാ ഹൈസ്ക്കൂൾ പ്രഥമാദ്ധ്യാപകർക്കും (ഡി.ഇ.ഒ മുഖാന്തിരം)
5. കൈറ്റിലെ ജില്ലാ കോർഡിനേറ്റർ/ മാസ്റ്റർ ട്രെയിനർമാർക്കും.
6. സിസ്റ്റം മാനേജർ, പരീക്ഷാഭവൻ.

## അനുബന്ധം (1)

## എസ്.എസ്.എൽ.സി ഐ.ടി പരീക്ഷയെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ

ഐ.ടി പരീക്ഷയ്ക്ക് തിയറി, പ്രാക്ടിക്കൽ എന്നിങ്ങനെ രണ്ട് ഭാഗങ്ങളുണ്ട്. സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ തിയറി–പ്രാക്ടിക്കൽ ഭാഗങ്ങൾ കമ്പ്യൂട്ടറിൽ തന്നെ ചെയ്യാൻ കഴിയുന്ന രീതിയിലാണ് പരീക്ഷ ക്രമീകരിച്ചിരിക്കുന്നത്.

**സ്കോറും മൂല്യനിർണ്ണയവും–**

ഐ.ടി പരീക്ഷയ്ക്ക് 50 സ്കോറാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ 10 സ്കോർ തിയറി ഭാഗത്തിനും, 28 സ്കോർ ഐ.ടി ശേഷികൾ പരിശോധിക്കുന്ന പ്രാക്ടിക്കൽ ഭാഗത്തിനും, 2 സ്കോർ ഐ.ടി പ്രാക്ടിക്കൽ വർക്ക് ബുക്കിനും, 10 സ്കോർ സി.ഇ പ്രവർത്തനങ്ങൾക്കും ആണ്. പ്രാക്ടിക്കൽ വർക്ക് ബുക്കും, 28 സ്കോറിനുള്ള പ്രാക്ടിക്കൽ ഭാഗത്തിന്റെ ഉല്പന്നങ്ങളും പരീക്ഷ നടത്തുന്ന അദ്ധ്യാപകർ തന്നെ മൂല്യനിർണ്ണയം നടത്തേണ്ടതാണ്. തിയറി ഭാഗത്തിന്റെ മൂല്യ നിർണ്ണയം സോഫ്റ്റ്‌വെയർ നടത്തുന്നതാണ്.

ഐ.ടി പരീക്ഷയുടെ സമയം 1 മണിക്കൂർ ആണ് (സമാശ്വാസ സമയം ഉൾപ്പെടെ).

### ഭാഗം 1 – തിയറി

തിയറി ഭാഗത്തിന്റെ സ്കോർ 10 ആണ്. രണ്ട് വിഭാഗങ്ങളിൽ നിന്നുള്ള ചോദ്യങ്ങളാണ് ഈ ഭാഗത്ത് ഉണ്ടാവുക. അവ ചുവടെ ചേർത്തിരിക്കുന്നു.

**വിഭാഗം 1** – തന്നിരിക്കുന്നവയിൽ നിന്നും ഏറ്റവും അനുയോജ്യമായ ഒരു ഉത്തരം തെരഞ്ഞെടുക്കുന്നതിനുള്ള ചോദ്യങ്ങളാണിവ. ഈ വിഭാഗത്തിലെ ചോദ്യങ്ങൾക്ക് ½ സ്കോറാണ്, 10 ചോദ്യങ്ങളുണ്ടാകും. 10 ചോദ്യങ്ങൾക്കും ഉത്തരം രേഖപ്പെടുത്തേണ്ട താണ്.

**വിഭാഗം 2**– തന്നിരിക്കുന്നവയിൽ നിന്നും ഏറ്റവും അനുയോജ്യമായ രണ്ട് ഉത്തരങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള ചോദ്യങ്ങളാണിവ. ഓരോ ചോദ്യത്തിനും 1 സ്കോറാണ്. ഈ വിഭാഗത്തിൽ 5 ചോദ്യങ്ങളുണ്ടാവും. 5 ചോദ്യങ്ങൾക്കും ഉത്തരം രേഖപ്പെടുത്തേണ്ടതാണ്.

## ഭാഗം II പ്രാക്ടിക്കൽ

പ്രാക്ടിക്കൽ ഭാഗത്തിന്റെ സ്കോർ 28 ആണ്. നാല് വിഭാഗങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന ചോദ്യങ്ങളിൽ ഓരോ വിഭാഗത്തിലും ലഭ്യമാകുന്ന 2 ചോദ്യങ്ങളിൽ ഒരു ചോദ്യത്തിനാണ് ഉത്തരം നൽകേണ്ടത്. ഓരോ ഗ്രൂപ്പിലും ചോദ്യങ്ങൾ റാൻഡമായാണ് പ്രത്യക്ഷമാകുന്നത് എന്നതിനാൽ ഒരു ഗ്രൂപ്പിൽ ഒന്നിലധികം പാഠഭാഗങ്ങളുണ്ടെങ്കിലും ചോയ്സായി ലഭ്യമാകുന്ന ചോദ്യങ്ങൾ ഒരേ പാഠഭാഗത്ത് നിന്നും മാത്രമാകാനുള്ള സാധ്യതയും ഉണ്ട്. **നാലാമത്തെ ഗ്രൂപ്പിൽ റോബോട്ടിക്സ് മാത്രമാണുള്ളത്. അതിനാൽ ആ ഗ്രൂപ്പിൽ നിന്നും ലഭിക്കുന്ന രണ്ട് ചോയ്സുകളും റോബോട്ടിക്സ് പാഠഭാഗത്തുനിന്ന് തന്നെയായിരിക്കും.** പ്രാക്ടിക്കൽ ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്ന പാഠഭാഗങ്ങളും ഓരോ പാഠഭാഗത്തിനുമുള്ള സ്കോറും ചുവടെ ചേർത്തിരിക്കുന്നു.

| ഗ്രൂപ്പ് | പാഠഭാഗം | സോഫ്റ്റ്‌വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നൽകേണ്ട ചോദ്യങ്ങൾ | സ്കോർ |
|---|---|---|---|---|
| 1 | ഡിസൈൻഫാക്ടറി (inkscape)<br>ചിത്രങ്ങൾക്ക് ജീവൻ പകരാം (OpenToonz) | 2 | 1 | 7 |
| 2 | പത്രത്താളൊരുക്കാം ((scribes)<br>ശാസ്ത്ര പഠനം കമ്പ്യൂട്ടറിലൂടെ (Educational Software) | 2 | 1 | 7 |
| 3 | കമ്പ്യൂട്ടർ ഭാഷ (Python)<br>വെബ്പേജ് സ്റ്റൈലാക്കാം (CSS)<br>വിവരസംഭരണിയിലേക്ക് (Database) | 2 | 1 | 7 |
| 4 | റോബോട്ടുകളുടെ ലോകം (Robotics)<br>റോബോട്ടുകളുടെ ലോകം (Robotics) | 2 | 1 | 7 |
| **പ്രാക്ടിക്കൽ വർക്ക് ബുക്ക്** | | | | **2** |
| **ആകെ സ്കോർ** | | | | **30** |

## എസ്.എസ്.എൽ.സി മോഡൽ ഐ.ടി പരീക്ഷയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. **KITE Gnu-Linux 22.04** ഓപ്പറേറ്റിംഗ് സിസ്റ്റം ആണ് പരീക്ഷയ്ക്ക് ഉപയോഗിക്കേണ്ടത്.
2. പരീക്ഷയ്ക്ക് ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകളുടെ സ്ക്രീൻ റസല്യൂഷൻ (**Display Resolution**) 1024 **x** 768–ഓ അതിൽ കൂടുതലോ ആയിരിക്കണം.
3. സിസ്റ്റം ഡേറ്റ് കൃത്യമാണെന്ന് ഉറപ്പാക്കുക. (**System settings ----> Date & time**)
4. പരീക്ഷ നടന്നുകൊണ്ടിരിക്കുമ്പോൾ വൈദ്യുത തകരാറുമൂലം കമ്പ്യൂട്ടർ ഓഫായാൽ അതുവരെ ആ കമ്പ്യൂട്ടറിൽ പരീക്ഷ ചെയ്ത എല്ലാ കുട്ടികളുടെയും റിസൽട്ട് എടുക്കാൻ കഴിയുന്നുണ്ടെന്ന് മാർക്ക്‌ലിസ്റ്റ് എടുത്തു നോക്കി ഉറപ്പാക്കിയ ശേഷം മാത്രം അതിൽ പരീക്ഷ തുടരുക.
5. പരീക്ഷാ സോഫ്റ്റ്‌വെയറിൽ ലോഗിൻ ചെയ്യാൻ കഴിയാതെ വന്നാൽ, **Start IT Examination** **എന്ന് സെർച്ച് ചെയ്യുമ്പോൾ ലഭിക്കുന്ന ആപ്ലിക്കേഷൻ ലോഞ്ചർ ക്ലിക്ക് ചെയ്ത്** പരീക്ഷാസോഫ്റ്റ്‌വെയർ പ്രവർത്തിപ്പിക്കുക. ഈ രീതിയിലും ലോഗിൻ ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ,
   1) ശരിയായ യൂസർനെയിമും, പാസ്‌വേഡുമാണ് നൽകുന്നതെന്ന് ഉറപ്പാക്കുക.
   2) കീ ബോർഡ് ലേഔട്ടിൽ (**System settings Region & Language Input**) ആദ്യത്തേത് ഇംഗ്ലീഷ് തന്നെയാണെന്ന് ഉറപ്പുവരുത്തുക.
   3) പരീക്ഷാ സോഫ്റ്റ്‌വെയർ ക്ലോസ് ചെയ്ത് കമ്പ്യൂട്ടർ റീസ്റ്റാർട്ട് ചെയ്ത് വീണ്ടും പരീക്ഷാ സോഫ്റ്റ്‌വെയർ പ്രവർത്തിപ്പിച്ച് ലോഗിൻ ചെയ്യാൻ ശ്രമിക്കുക.
6. കമ്പ്യൂട്ടറിലെ/**opt-**ൽ ***sslcexam_results_backup*** എന്നൊരു ഫോൾഡർ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു കമ്പ്യൂട്ടറിൽ അതുവരെ പരീക്ഷ ചെയ്ത എല്ലാ കുട്ടികളുടെയും റിസൽട്ട് എക്സ്പോർട്ട് ചെയ്ത നിലയിൽ ഫയലായി അതിനുള്ളിൽ ഉണ്ടാകും. (ഓരോ കുട്ടിയുടെ പരീക്ഷ കഴിയുമ്പോഴും ഇത് തനിയെ അപ്ഡേറ്റാകും. ഒരു ദിവസത്തേക്ക് ഒരു ഫയൽ

എന്ന ക്രമത്തിൽ ഫയലുകൾ അതിലുണ്ടാകും. ഏറ്റവും അവസാനത്തെ ഫയലിൽ അതുവരെയുള്ള എല്ലാകുട്ടികളുടെയും റിസൽട്ട് ഉണ്ടാകും).

7. ഏതെങ്കിലും കമ്പ്യൂട്ടറിലെ പരീക്ഷാ സോഫ്റ്റ്‌വെയർ പ്രവർത്തിക്കാതെ വന്നാലും അതുവരെ ആ കമ്പ്യൂട്ടറിൽ പരീക്ഷ ചെയ്ത എല്ലാ കുട്ടികളുടെയും റിസൽട്ട് അതിലെ **sslcexam_results_backup** ഫോൾഡറിൽ ഉണ്ടാകും.
   ഈ ഫോൾഡർ പെൻഡ്രൈവിലോ മറ്റോ കോപ്പി ചെയ്തു വച്ചശേഷം മാത്രം ആ കമ്പ്യൂട്ടറിലെ പരീക്ഷാ സോഫ്റ്റ്‌വെയർ റീ–ഇൻസ്റ്റാൾ ചെയ്യുക. അതിനു ശേഷം ആദ്യം **School Details** ഫയലും അതിനുശേഷം ***sslcexam_results_backup***–ലെ ഏറ്റവും പുതിയ ഫയലും ഇംപോർട്ട് ചെയ്യുക.
8. പരീക്ഷയ്ക്ക് ഉപയോഗിച്ചുകൊണ്ടിരുന്ന ഒരു കമ്പ്യൂട്ടർ ഇടയ്ക്ക് ബൂട്ട് ആകാതെ വന്നാലും അതിൽ പരീക്ഷ ചെയ്ത കുട്ടികളുടെ റിസൽട്ട് നമുക്ക് റിക്കവർ ചെയ്ത് എടുക്കാൻ സാധിക്കും. **KITE Gnu-Linux 22.04** ന്റെ ബൂട്ട് ഡിസ്ക്ക് ഉപയോഗിച്ച് കമ്പ്യൂട്ടർ ലൈവ് ആയി ബൂട്ട് ചെയ്തശേഷം ***sslcexam_results_backup*** ഫോൾഡറിലുള്ള ഫയൽ പെൻഡ്രൈവിലോ മറ്റോ കോപ്പി ചെയ്തെടുത്ത് പ്രവർത്തനക്ഷമമായ മറ്റൊരു കമ്പ്യൂട്ടറിലെ പരീക്ഷാ സോഫ്റ്റ്‌വെയറിലേക്ക് ഇംപോർട്ട് ചെയ്താൽ മതിയാകും.
9. തിയറി പരീക്ഷ നടന്നുകൊണ്ടിരിക്കുമ്പോൾ വൈദ്യുത തകരാറുണ്ടായി കമ്പ്യൂട്ടർ ഓഫായാൽ വീണ്ടും ബൂട്ട് ചെയ്ത് വരുമ്പോൾ ഡെസ്ക്ടോപ്പിലെ പാനൽ നഷ്ടപ്പെടാൻ ഇടയുണ്ട്. ഇങ്ങനെയുണ്ടായാൽ ഹോമിലെ ***showpanel.sh*** എന്ന ഫയൽ റൺ ചെയ്താൽ പാനൽ ലഭിക്കും.
10. പരീക്ഷാ സോഫ്റ്റ്‌വെയർ ഓപ്പൺ ചെയ്യുമ്പോൾ ***IT exam is already running*** എന്ന മെസേജാണ് ലഭിക്കുന്നതെങ്കിൽ, പരീക്ഷാ സോഫ്റ്റ്‌വെയർ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കിയശേഷം കമ്പ്യൂട്ടർ റീസ്റ്റാർട്ട് ചെയ്ത് സോഫ്റ്റ്‌വെയർ വീണ്ടും പ്രവർത്തിപ്പിക്കുക.
11. പരീക്ഷ പൂർത്തിയായതിനുശേഷം മാർക്ക്ഷീറ്റ് ജനറേറ്റ് ചെയ്ത് പരിശോധിക്കുമ്പോൾ എല്ലാ കുട്ടികളുടെയും പ്രാക്ടിക്കൽ മാർക്ക് അതിൽ വന്നിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. ഏതെങ്കിലും കുട്ടിയുടെ പ്രാക്ടിക്കൽ മാർക്ക് പൂജ്യം എന്നാണ് കാണുന്നതെങ്കിൽ ഇൻവിജിലേറ്റർ ആയി ലോഗിൻ ചെയ്ത് ആ കുട്ടിയെ വീണ്ടും പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുക. അപ്പോൾ കുട്ടിയുടെ

പ്രാക്ടിക്കൽ മാർക്ക് ചേർക്കുന്നതിനുള്ള ജാലകമാണ് പ്രത്യക്ഷപ്പെടുക. മാർക്ക് നൽകിയശേഷം വീണ്ടും മാർക്ക്ഷീറ്റ് ജനറേറ്റ് ചെയ്യുക.

12. വിശദ വിവരങ്ങൾക്ക് പരീക്ഷാ സോഫ്റ്റ്‌വെയറിനൊപ്പം ലഭ്യമാക്കിയിട്ടുള്ള യൂസർ മാനുവൽ കാണുക.

സെക്രട്ടറി

**(Form P3)**

**<u>SSLC MODEL IT EXAMINATION 2025-26</u>**

**SCHEDULE**

(To be published at the centre before IT Examination)

Name of School:

Computer Lab No: Division:

| **Sl. No.** | **Class Number** | **Name of the student** | **Date of the Examination** | **Time** | | **Remarks** |
|---|---|---|---|---|---|---|
| | | | | **From** | **To** | |
| 1 | | | | | | |
| 2 | | | | | | |
| 3 | | | | | | |
| 4 | | | | | | |
| 5 | | | | | | |
| 6 | | | | | | |
| 7 | | | | | | |
| 8 | | | | | | |
| 9 | | | | | | |
| 10 | | | | | | |
| 11 | | | | | | |
| 12 | | | | | | |
| 13 | | | | | | |
| 14 | | | | | | |
| 15 | | | | | | |
| 16 | | | | | | |

**Date:** **Signature of the HM**

**(Form P4)**

## SSLC MODEL IT EXAMINATION 2025-26

### REGISTER OF COMPUTER ALLOTMENT

(To be recorded in exam register-refer)

Name of School:

Date: Computer Lab No: Division:

| Sl. No. | Reg. No. | Before the commencement of the examination | | Initials of the Invigilator | Remarks |
|---|---|---|---|---|---|
| | | Computer No. | Signature of the student | | |
| 1 | | | | | |
| 2 | | | | | |
| 3 | | | | | |
| 4 | | | | | |
| 5 | | | | | |
| 6 | | | | | |
| 7 | | | | | |
| 8 | | | | | |
| 9 | | | | | |
| 10 | | | | | |

**Date:** **Signature of the HM**

**(Form P5)**

## SSLC MODEL IT EXAMINATION 2025-26

## SCORE SHEET OF STUDENTS (PRACTICAL)

(To be recorded in exam register-refer)

Name of School:

Date: Computer Lab No: Division:

| Sl. No. | Reg.No. | Group | | | | **Work sheet (Max. Score 2)** | **Total (Max. Score 30)** | **Initials of the Invigilator** | **Remarks** |
|---|---|---|---|---|---|---|---|---|---|
| | | **1 (Max. Score 7)** | **2 (Max. Score 7)** | **3 (Max. Score 7)** | **4 (Max.Score 7)** | | | | |
| 1 | | | | | | | | | |
| 2 | | | | | | | | | |
| 3 | | | | | | | | | |
| 4 | | | | | | | | | |
| 5 | | | | | | | | | |
| 6 | | | | | | | | | |
| 7 | | | | | | | | | |
| 8 | | | | | | | | | |
| 9 | | | | | | | | | |
| 10 | | | | | | | | | |
| 11 | | | | | | | | | |
| 12 | | | | | | | | | |
| 13 | | | | | | | | | |
| 14 | | | | | | | | | |
| 15 | | | | | | | | | |
| 16 | | | | | | | | | |

**Date:** **Signature of the HM**